# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 13/06/14

(14 SHABAAN 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹായ്ക്ക് ശേഷം ഖലീഫത്തുല്ലാഹ് പറഞ്ഞു.

ആ (നാശത്തിന്റെ) സമയം വരുക തന്നെ ചെയ്യും. അതിൽ ഒരു സംശയവുമില്ല. പക്ഷേ, മനുഷ്യരിൽ അധികമാളുകളും വിശ്വസിക്കുന്നില്ല. (40:60)

ഇപ്പോൾ സമയം വളരെ പെട്ടെന്നാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. പ്രശ്നങ്ങളൊക്കെ ഉണ്ടാകുന്നത് വളരെ പെട്ടെന്നാണ്. പ്രകൃതിയിൽ ഒരുമാറ്റം ഉണ്ടാകുന്നതുമൂലം നാം വളരെയധികം പ്രയാസങ്ങളനുഭവിക്കേണ്ടിവരുന്നു. അതുപോലെ പ്രയാസമുണ്ടാക്കുന്നതാണ് മനുഷ്യന്റെ സ്വഭാവത്തിലും സമീപനത്തിലും മാറ്റം വരുത്തുന്നതുമൂലം.

മനുഷ്യനെന്ന നിലയിൽ നമ്മുടെ ഭാവിയെക്കുറിച്ച് നാം ഉത്കണ്ഠാകുലരാണ്. നമ്മുടെ ഭൗതിക സാഹചര്യം വിശകലനം ചെയ്യുമ്പോൾ, ലോകം എങ്ങനെയാണ് അധഃപതിച്ചിരിക്കുന്നത് എന്ന് ബോധ്യമാകും. ലോകം നഷ്ടത്തിലേക്ക് കുതിച്ചു കൊണ്ടിരിക്കുകയാണ്. കപടത, അധികാരമോഹം, യുദ്ധങ്ങൾ, സംഘട്ടനാവസ്ഥ, ദുർബലർക്കെതിരായ പീഢനങ്ങൾ, നിരീശ്വരത്വം, മൃഗീയത, പൈശാചിക കാര്യങ്ങൾ, പങ്കാളിത്തത്തോടെ ചെയ്യുന്ന ക്രൂര പ്രവർത്തികൾ, അങ്ങനെ മനുഷ്യ വർഗ്ഗത്തോട് ചെയ്യുന്ന ക്രൂരതകൾക്ക് സഹനതയുടെ മേലങ്കിയിട്ടു കൊടുക്കുന്നു.

മറുവശത്ത്, അപകടകരവും, അനിയന്ത്രിതവുമായ നിലയിൽ എല്ലാ നിലയിലുള്ള പ്രകൃതി ദുരന്തങ്ങളും, ഉഷ്ണക്കാറ്റ്, വരൾച്ച, അഗ്നിക്കാറ്റ്, വെള്ളപ്പൊക്കം ഭക്ഷ്യക്ഷാമം, അപൂർവ്വ രോഗങ്ങൾ, (വൈറസ് ആക്രമണം) ഭൂമികുലുക്കം, കൊടുങ്കാറ്റ്, തുടങ്ങിയ മഹാവിപത്തുകൾ. ഈ സാഹചര്യത്തിൽ നാം ചിന്തിക്കേണ്ടതല്ലേ ? അടുത്ത ഭാവിയിൽ ഈ മഹാവിപത്തുകളിൽ നിന്നും മോചനം നേടുന്നതിനെക്കുറിച്ച്, പ്രകൃതി ഈ ദുരന്തങ്ങൾ നമ്മുടെ മേൽ അടിച്ചേല്പിക്കുമ്പോൾ; ഇതിലൂടെ നമുക്ക് പ്രകൃതി ഒരു സന്ദേശം നല്കുകയല്ലേ ? ദൗർഭാഗ്യവശാൽ നമുക്ക് മനസ്സിലാകുന്നില്ല. അങ്ങനെ നാം അഭിമുഖീകരിക്കുന്ന ലോക സാഹചര്യം, നാശഗർത്തത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ലോകത്തിന്റെ മുമ്പിൽ, ആത്മീയതയ്ക്ക് യാതൊരു സ്ഥാനവുമില്ലാതായിരിക്കുന്നു.

അല്ലാഹു (ത) വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു. ഈ പ്രപഞ്ചം എന്നെന്നും നിലനില്ക്കുന്നതല്ല. കാലം പിന്നിടുമ്പോൾ, ഇത്തരത്തിലുള്ള കാര്യങ്ങൾ സംഭവിക്കുകയും, ദൃഷ്ടാന്തങ്ങൾ വെളിപ്പെടുകയും ചെയ്യുന്നതാണ്. പ്രപഞ്ചത്തിന്റെ അവസാനഘട്ടത്തിലേക്ക് അത് നീങ്ങിക്കൊണ്ടിരിക്കുകയാണ് എന്ന പ്രഖ്യാപനമാണിത്. ഈ ദൃഷ്ടാന്തങ്ങളിൽ നാം ജാഗ്രതയുള്ളവരായിരിക്കണം; ഇവയെക്കുറിച്ച് ഗാഢമായിചിന്തിക്കണം. അങ്ങനെയായാൽ നമ്മുടെ വിശ്വാസത്തെ ഉറപ്പിച്ചു നിർത്തുവാൻ സാധിക്കുന്നതാണ്. വെള്ളിയാഴ്ച പ്രഭാഷണങ്ങളിലൂടെ ഈ വിഷയത്തെ അധികരിച്ച്, ഞാൻ സംസാരിക്കുന്നതാണ്. ഇതിലൂടെ നിങ്ങൾക്ക് കാര്യങ്ങൾ ബോധ്യമാകുന്നതാണ്. എല്ലാ ദൈവദൂതന്മാരും, അതുപോലെ അല്ലാഹുവിന്റെ ദൂതനായ ഈ വിനീതനും നിങ്ങളുടെ മുമ്പാകെയുണ്ട്, അല്ലാഹുവിൽ നിന്ന് അദൃശ്യമായ അറിവുകളുടെ ഒരു കലവറ തന്നെ എന്റെ മുമ്പാകെ തുറന്നിരിക്കുകയാണ്. ഞാൻ പ്രവചനം ചെയ്ത അനേകം പ്രവചനങ്ങൾ സത്യമായി പുലർത്തിയിരിക്കുന്നു എന്നത് നിങ്ങൾക്ക് കാണാൻ കഴിയുന്നകാര്യമാണ്. അൽഹംദുല്ലില്ലാഹ്. സുമ്മ അൽഹംദുലില്ലാഹ്. ഒരു വിശ്വാസിക്ക് തീർച്ചയായും വിശ്വാസം വർദ്ധിക്കുന്നതാണ്. പ്രവചനം ചെയ്ത മറ്റു കാര്യങ്ങളും പൂർത്തിയാകുന്നതാണ് അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ കുറച്ചുമാസങ്ങൾക്കു

മുമ്പ് മൗറീഷ്യസിൽ സംഭവിച്ച, നമ്മുടെ ചെറിയ ദ്വീപിനെ, സംബന്ധിക്കുന്ന ചില രസകരമായ സംഭവകഥകൾ നിങ്ങളുടെ മുമ്പാകെ വയ്ക്കുകയാണ്. മൗറീഷ്യസിലുള്ള നിങ്ങൾക്കറിയാം അതായത് എന്റെ ഓർമ്മശരിയാണെങ്കിൽ മൗറീഷ്യൻ മിലറ്റന്റ് മൂവ്മെന്റ് (MMM) ഉം മൗറീഷ്യൻ സോഷ്യലിസ്റ്റ് മൂവ്മെന്റും (MSM) ഒരു രാഷ്ട്രീയസഖ്യം 2011 ൽ ഉണ്ടാക്കുകയുണ്ടായി. 2000ന് മുമ്പ് അവർ ഉണ്ടാക്കിയ രാഷ്ട്രീയ സഖ്യത്തിന്റെ ഒരു പുതിയ പതിപ്പായിരുന്നു അത്. ഇരു പാർട്ടികളും ചേർന്ന്, ബഹുജന ധാർമ്മിക രോഷമുണർത്തുന്ന ഗവൺമെന്റിന്റെ എല്ലാ പ്രവർത്തികളും തള്ളിപ്പറയുവാൻ തീരുമാനിക്കുകയുണ്ടായി. അതായത് തട്ടിപ്പുകൾ, അഴിമതികൾ, മോഷണം, ബലാൽസംഗം തുടങ്ങിയ പലതും ഇപ്പോഴത്തെ ഗവൺമെന്റിന്റെ പിടിപ്പ് കേടുമൂലം അവരുടെ വിശ്വാസയോഗ്യത നഷ്ടമായിരിക്കുന്നു എന്ന് പൊതുജനത്തെ ധരിപ്പിക്കലാണ് ഉദ്ദേശ്യം. മൗറിഷ്യൻ ജനത ഭരണകൂടത്തെകൊണ്ട് പൊറുതിമുട്ടിയിരിക്കുകയാണ്. 2015 ലെ പൊതുതെരഞ്ഞെടുപ്പിലൂടെ MMM/MSM പാർട്ടികളെ ഭരണകൂട ശുദ്ധീകരണത്തിനായി തെരഞ്ഞെടുക്കണമെന്നും അവർ ആവശ്യപ്പെടുകയുണ്ടായി. ഇപ്പോഴത്തെ ഗവൺമെന്റിനെ തള്ളിപ്പറഞ്ഞു കൊണ്ട് അനേകം യോഗങ്ങൾ അവർ സംഘടിപ്പിക്കുകയുണ്ടായി. 2000 ലെ ഉടമ്പടി 2011ൽ പുതുക്കിയ പ്രകാരം കാര്യങ്ങളെല്ലാം നല്ല നിലയിൽ മുന്നോട്ടു നീങ്ങുകയായിരുന്നു. അങ്ങനെയിരിക്കെ 2014 ജനുവരി 07 ന് അല്ലാഹു (ത) എന്നെ സ്വപ്നത്തിലൂടെ കാണിക്കുകയുണ്ടായി. MMM/PTR പതാക പൊങ്ങി നില്ക്കുന്നതായി, എന്റെ കുടുംബാംഗങ്ങളോടും മൗറീഷ്യസിലെ അനുയായികളോടും പിറ്റേദിവസം രാവിലെ ഈ വിവരം പറയുകയുണ്ടായി. അപ്പോൾ അതിൽ ചിലർ പറയുകയുണ്ടായി. MMM പാർട്ടി നേതാവും PTR നേതാവ് നവിൻ റംഗൂലവും തമ്മിൽ സഖ്യം ഉണ്ടാവൽ അസംഭവ്യമാണ്; അതേ തുടർന്ന് ഈ വിഷയത്തിൽ ഞാൻ നിശ്ശബ്ദത പാലിച്ചു.

അതിനുശേഷം നാം എന്താണ് കണ്ടത് ? ആരംഭത്തിൽ MMM/MSM, നേതാക്കന്മാർ അവരുടെ ജന്മദിനങ്ങൾ ഒരുമിച്ചാഘോഷിച്ചു. പത്രങ്ങളിൽ ഫോട്ടോയും പ്രസിദ്ധീകരിച്ചു. ഓരോരുത്തരും കേക്ക് മുറിച്ച് പരസ്പരം നൽകി പരസ്പരം പുകഴ്ത്തി സംസാരിച്ചു. അടുത്ത ദിവസം, അതായത് 2014 ഏപ്രിൽ 15 ന് MMM/MSM-ൽ പ്രശ്നങ്ങൾ തലപൊക്കി. ബുധനാഴ്ച, 2014 ഏപ്രിൽ 16ന് MMM അംഗങ്ങൾ അവരുടെ നേതാവിനെതിരിൽ പ്രക്ഷോഭം അഴിച്ചുവിട്ടു. ജനത്തിന്റെ രോഷ പ്രകടനമായി നേതാവിനെതിരെ എല്ലാവിധ ശകാരങ്ങളും വാരിചൊരിഞ്ഞു. മെയ് 1-ാം തീയതി നടത്താൻ നിശ്ചയിരുന്ന യോഗം അദ്ദേഹം റദ്ദാക്കി, രാജ്യമെമ്പാടും ബാനറുകളും പോസ്റ്ററുകളും മെയ് 1 ലെ യോഗത്തെപ്പറ്റി പ്രചരിപ്പിച്ചിരുന്നെങ്കിലും, ഉദ്വേഗജനകമായ അന്തരീക്ഷത്തെ തുടർന്ന് MSM പാർട്ടിയുമായുള്ള വേർപിരിയൽ സംബന്ധമായ വാർത്ത MMM പാർട്ടി നേതാവ് പുറത്തുവിട്ടു. ഈ വാർത്ത കേട്ട് മൗറീഷ്യൻ ജനത ഞെട്ടി. അവരുടെ വിയോജിപ്പും കോപവും പ്രകടിപ്പിക്കുവാൻ പ്രൈവറ്റ് റേഡിയോ ചാനലിലൂടെ പലരും പ്രതികരിച്ചു. MMM നേതാവ് പ്രവർത്തിച്ച രീതിയെ വിമർശിച്ചുകൊണ്ട് പലരും സംസാരിച്ചു. 2014 ഏപ്രിൽ 17 വ്യാഴാഴ്ച പ്രതിപക്ഷനേതാവും MMM പാർട്ടിയും പ്രധാനമന്ത്രി ഡോക്ടർ നവിൻ രംഗൂലത്തെ സന്ദർശിക്കുന്നു. തെരഞ്ഞെടുപ്പ് പരിഷ്ക്കരണത്തെ കുറിച്ച് ചർച്ച നടക്കുന്നു. ദിവസങ്ങൾക്ക് മുമ്പ് വരെ അവരോരോരുത്തരും പരസ്പരം ഭീകരമായ നിലയിൽ മത്സരിക്കുകയായിരുന്നു. അടുത്ത തെരഞ്ഞെടുപ്പിൽ ഇപ്പോഴത്തെ കുതിരക്കച്ചവടം നടത്തുകയും തട്ടിപ്പ് നടത്തുകയും ചെയ്യുന്ന ഗവൺമെന്റിനെ പുറത്താക്കണമെന്ന് 80% ത്തോളം ജനവും തീരുമാനിച്ചതാണ്. പ്രതിപക്ഷനേതാവ് സ്വയം തന്നെയാണ് (അതുപോലെ MMM ലീഢറും) പറഞ്ഞത് ഈതട്ടിപ്പുകാരെ പുറത്താക്കണമെന്നും ബഹുജന ധാർമ്മികരോഷമുണർത്തുന്ന പ്രവർത്തിയെ എതിർക്കണമെന്നും.

2014 ഏപ്രിൽ 17 വ്യാഴാഴ്ച പത്ര പ്രവർത്തകരുടെയും, കാമറയുടെയും മുമ്പിൽ പ്രതിപക്ഷനേതാവും ാാാ പാർട്ടിയും പ്രധാന മന്ത്രിക്ക് കൈകൊടുക്കുന്ന ചിത്രമാണ് പുറത്തുവന്നത്. മൂന്ന് മണിക്കൂറോളം ചർച്ച നടത്തി സുസ്മേരവദനരായി. മൗറിഷ്യൻ ജനതയിൽ ബഹുഭൂരിഭാഗവും പ്രതിപക്ഷ പാർട്ടി നേതാവിനോടും MMM പാർട്ടിയോടും കോപാകുലരായി തീർന്നു. കഴിഞ്ഞ വർഷം 2013 ൽ ജനുവരി മുതൽ ഡിസംബർ വരെ ബഹുഭൂരിഭാഗം ആളുകളും അദ്ദേഹത്തെ പ്രശംസിക്കുകയായിരുന്നു. അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. ഇപ്പോൾ ഈ വർഷമാണ് അദ്ദേഹത്തെ പഴിക്കുന്നത്. പഴിക്കൽ മൂലം

ഒരാൾ മരണപ്പെടുമായിരുന്നെങ്കിൽ, ഈ പഴിക്കൽ മൂലം അയാൾ മരിക്കുമായിരുന്നു. PTR ഉം MMM പാർട്ടിയും തമ്മിൽ ഒരു കരാർ ഒപ്പിട്ടിരിക്കുന്നു എന്ന് വാർത്താമാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നു.

നിങ്ങളോട് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നതെന്തെന്നാൽ, അല്ലാഹു (ത) അവൻ തെരഞ്ഞെടുക്കുന്ന ദാസന് അദൃശ്യമായ ധാരാളം അറിവുകൾ അവൻ കാണിച്ചുകൊടുക്കുന്നു. ഭാവിയിൽ എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് അവന്റെ ദാസന് കാണിച്ചു കൊടുക്കുന്നു. എല്ലാകാര്യങ്ങളും നല്ലനിലയിൽ നടന്നുകൊണ്ടിരിക്കുമ്പോൾ, അത്തരത്തിലൊരുകാര്യം സംഭവിക്കുമെന്ന് കരുതാൻ മനുഷ്യന് കഴിയാത്ത സാഹചര്യത്തിലാണ്, സംഭവിക്കുവാൻ സാധ്യതയില്ലാത്ത കാര്യം സംഭവിക്കുമെന്ന് പ്രവചനം ചെയ്യുന്നത്. ആയതിനാൽ, അല്ലാഹു (ത) തന്റെ ദാസനെ കാണിക്കുന്ന കാര്യങ്ങൾ, അദ്ദേഹം തന്റെ ജനതയോട് അത് പ്രഖ്യാപിക്കുമ്പോൾ, അത്, പൂർത്തിയാവുകതന്നെ ചെയ്യുന്നതാണ്; പറയുന്ന സമയത്ത്, സ്ഥലത്ത്, അത് ഉടൻ പൂർത്തിയായില്ലെങ്കിലും, ആ പ്രവചനങ്ങളുടെ പൂർത്തീകരണത്തിന് അതിന്റേതായ സമയമെടുക്കുമെന്നുമാത്രം. അല്ലാഹു (ത) തെരഞ്ഞെടുക്കുന്ന ദാസന് അല്ലാഹു (ത) നല്കുന്ന വാഗ്ദാനമാണിത്.

പ്രവനങ്ങളുടെ പേരിൽ വിശ്വാസികൾ പരീക്ഷിക്കപ്പെടുന്നു. പ്രവചന പ്രകാരമുള്ള പൂർത്തീകരണം കാണാത്തതുമൂലം അവരുടെ ധൈര്യം ചോർന്നു പോവുകയും വിശ്വാസം നഷ്ടപ്പെടുകയും ചെയ്യുന്നു. അങ്ങനെ അവർ നഷ്ടപ്പെട്ടവരായി പോകുന്നു. വിശുദ്ധഖുർ ആനിൽ അല്ലാഹു (ത) പറഞ്ഞതുപോലെ അവർ പറയുന്നു. അല്ലാഹുവും അവന്റെ പ്രവാചകനും ഞങ്ങളോട് വാഗ്ദാനം ചെയ്തത് ദ്രോഹചിന്തന മാത്രമാണ്.

അല്ലാഹുവിൽ നിന്ന് വരുന്ന ഈ സത്യത്തെ അംഗീകരിക്കുന്ന ഒരു കൂട്ടരുണ്ട്. അല്ലാഹുവിൽ നിന്ന്, എന്തെങ്കിലും പ്രതിഫലമോ നേട്ടമോ കാണുന്നുമില്ല, അവർ നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു പകരം കൂടുതൽ കൂടുതൽ പ്രയാസങ്ങൾ വന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു; അവരുടെ ജീവിതം കൂടുതൽ ദുസ്സഹമായി തീർന്നുകൊണ്ടിരിക്കുന്നു. കുടുംബാംഗങ്ങളും കൂട്ടുകാരും അവരെ ബഹിഷ്ക്കരിക്കുന്നു; പീഢിപ്പിക്കുന്നു. അങ്ങനെയവർ നിരാശരാകുന്നു. പ്രത്യേകിച്ച്, ഈ സത്യത്തെ അംഗീകരിക്കാത്തവർ തങ്ങളെക്കാൾ നല്ല നിലയിൽ അവരെ കാണുകയും ചെയ്യുന്നു; അവരുടെ ജീവിതം കൂടുതൽ സന്തോഷകരമായി അവർ കാണുന്നു; അവർക്ക് അവരുടെ വീടുകളിൽ റൈസ് കുക്കേഴ്സും, വാഷിംഗ് മെഷീനും, അവരുടെ മുറ്റങ്ങളിൽ രണ്ടും മൂന്നും കാറുകളും മറ്റും മറ്റും കാണുന്നു. ആയതിനാൽ, ഈ വിശ്വാസികൾ, അവരുടെ വിശ്വാസം നഷ്ടപ്പെടുന്നതിന്റെ വക്കിലായിരിക്കുകയാണ് അവർ പറയുന്നു. ഈ ആളുകൾ ഞങ്ങളെക്കാൾ കഴിവുള്ളവരാണ്. ഇത് അവരെ അധൈര്യപ്പെടുത്തുകമാത്രമല്ല സത്യത്തിൽ പ്രവേശിച്ചതുമൂലം അവർക്ക് ശ്വാസംമുട്ടൽ അനുഭവപ്പെടുകയും കൂടിയാണ്. അവർ ദൈവീകദൃഷ്ടാന്തത്തെ, നേർപാതയെ ഉപേക്ഷിക്കുകയാണ്; അവർ നിശ്ശബ്ദത പാലിക്കുന്നില്ല. അവർ കുഴപ്പം സൃഷ്ടിക്കുന്നു. അല്ലാഹുവിന്റെ പേടകത്തെ അവർ തകർക്കുകയാണ്. ഇത് ചെയ്യുന്നവർ കരുതുന്നത്, അല്ലാഹുവിന്റെ അടയാളത്തെ തകർക്കുന്നതിലൂടെ അവർ സുരക്ഷിതരായിരിക്കും ശക്തരുമായിരിക്കും എന്നവർ കരുതുന്നു. മറിച്ച്, അവർ നഷ്ടകാരികളാണ്, മാത്രമല്ല ദൈവീക സന്ദേശത്തെ ശ്രവിക്കുന്നതിൽ നിന്നും മറ്റുള്ളവരെ അവർ തടയുകയും ചെയ്യുന്നു. അല്ലാഹുവിന്റെ തെരഞ്ഞെടുത്ത ദാസന്മാർ കൊണ്ടുവന്ന സത്യത്തെ അവർ നിരാകരിക്കുന്നു.

ആയതിനാൽ, മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം, വളരെ പ്രധാനപ്പെട്ടതാണ്. അത് ഒരു താത്ക്കാലിക ഇടമല്ല; മറിച്ച് ശാശ്വത സ്ഥലമാണ്. എല്ലാ ആളുകളും തങ്ങളുടെ പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള ഫലങ്ങൾ അവിടെ കൊയ്തെടുക്കുന്നതാണ്. പരിമിതമായ അറിവിലൂടെ ഭൂമിയിലെ താത്ക്കാലിക ജഡ്ജിമാർ വിധി കല്പിക്കുന്നു. അപ്പോൾ നിങ്ങൾ ചിന്തിക്കുക. പരമോന്നത വിധികർത്താവായ അല്ലാഹു (ത) ദൃഢവും അദൃശ്യവുമായ എല്ലാ കാര്യങ്ങളും അറിയുന്നവന്റെ യഥാർത്ഥമായ വിധി ഓരോ വ്യക്തിയുടെയും പ്രവർത്തിക്കനുസൃതമായുള്ള വിധി എത്ര പ്രാധാന്യമുള്ളതാണ് !.

ഈ ലോകം പ്രവർത്തനത്തിനു വേണ്ടിയുള്ളതാണ്. ആഖിറം എന്നത് ഈ ലോകത്ത് ചെയ്ത പ്രവർത്തനങ്ങളുടെ ഫലം എടുക്കുന്ന സ്ഥലമാണ്. നല്ല പ്രവർത്തനങ്ങൾക്ക് നല്ല ഫലങ്ങൾ എടുക്കാം. ചീത്ത പ്രവർത്തനങ്ങൾക്ക് ചീത്ത ഫലം എടുക്കുവാൻ കഴിയും. വിശ്വസിക്കുകയും സത്പ്രവർത്തികൾ ചെയ്യുകയും ചെയ്തവർക്ക് അനന്തമായ സത്ഫലങ്ങൾ നേടുവാൻ സാധിക്കുന്നതാണ്. ഇത് നല്ല നിലയിൽ മനസ്സിലാകുന്നതിന്, മഹോന്നതനായ നീതിമാനായ വിധികർത്താവ് വിശുദ്ധ ഖുർആനിൽ പറയുന്നു. **" സത്യത്തിൽ വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും ചെയ്തവരൊഴിച്ച്, അവർക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ്. അപ്പോൾ, ഇതിന് ശേഷം വിധി തീർപ്പിനെ സംബന്ധിച്ച് നിന്നെ നിഷേധിക്കുവാനെന്തുണ്ട് ? അല്ലാഹു വിധികർത്താക്കളിൽ വച്ച് ഏറ്റവും നല്ല വിധികർത്താവല്ലേ ? (95:7 – 9)"**

മറ്റൊരു വചനത്തിൽ അല്ലാഹു (ത) പറയുന്നു. **"അന്നാളിൽ ജനങ്ങൾ ചിതറിയ കൂട്ടങ്ങളായി പുറപ്പെട്ടവരും, തങ്ങളുടെ കർമ്മ ഫലങ്ങൾ അവർക്ക് കാണിക്കപ്പെടുന്നതിനു വേണ്ടി. അപ്പോൾ വല്ലവനും, ഒരണു അളവ് നന്മ ചെയ്യുന്നതായാൽ അതവൻ കാണും. വല്ലവനും ഒരണു അളവ് തിന്മ ചെയ്യുന്നതായാൽ അതവൻ കാണും. (99: 7 – 9)"**

എന്ത് ? ദുഷ്കർമ്മങ്ങൾ പ്രവർത്തിച്ചവരെ, വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ പോലെ - അവരുടെ ജീവിതവും മരണവും തുല്യമായ നിലയിൽ നാം ആക്കുമെന്ന് അവർ ധരിച്ചുവച്ചിട്ടുണ്ടോ ? അവർ വിധിക്കുന്നത് വളരെ ചീത്തയായതു തന്നെ (45:22)

**"വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവരെ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരെപ്പോലെ നാം ആക്കുമോ ? അതല്ല, ഭക്തമാരെ ദുർവൃത്തരെപ്പോലെ നാം ആക്കിത്തീർക്കുമോ ? 38:29"**

ആയതിനാൽ, ആ ദിവസം, അനീതി ഉണ്ടാവില്ല. എല്ലാവർക്കും തുല്യനീതി ലഭിക്കുന്നതാണ്. ആ ദിവസമാണ് വിധിനാൾ (ഖിയാമത്ത്) അതുകൊണ്ടാണ് ഖിയാമത്തിന് മറ്റൊരു പേര് വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളത്. അതായത് യൗമിദ്ദീൻ അതായത് വിധിനാൾ.

ഇന്ന് ഈ വിഷയം ഞാൻ ഇവിടെ അവസാനിപ്പിക്കുകയാണ്. ഇതൊരു വിശാലമായ വിഷയമാണ്. ഇൻശാ അല്ലാഹ്. അല്ലാഹു അനുഗ്രഹിച്ചാൽ അടുത്ത വെള്ളിയാഴ്ച ഈ വിഷയം തുടരുന്നതാണ്.

അവസാനിപ്പിക്കുന്നതിനുമുമ്പ് ശഅ്ബാൻ ബറാഅത്തിനെപ്പറ്റി ഏതാനും വാക്കുകൾ പറയുവാൻ ആഗ്രഹിക്കുകയാണ്. ശഅ്ബാൻ മാസത്തിലെ മധ്യദിനത്തിലെ രാത്രിയാണത്. 1435 ഹിജ്റ വർഷത്തിലെ ശഅ്ബാൻ 15 ആണിത്. ശഅ്ബാൻ 15 രാത്രിയിൽ നബികരീം (സ) അല്ലാഹുവിനെ ആരാധിക്കുന്നതിനായി കഴിച്ചുകൂട്ടിയിരുന്നു. അതിന്റെ കാരണം ജിബ്രീൽ (അ) നബീകരീം (സ)നെ അറിയിക്കുകയുണ്ടായി, അതായത് ശഅ്ബാൻ മധ്യമായാൽ മനുഷ്യന്റെ പ്രവർത്തനങ്ങൾ അല്ലാഹുവിലേക്ക് പോകുന്നു. അല്ലാഹു (ത) തന്റെ കരുണാ കടാക്ഷത്താൽ അവന്റെ ദാസന്മാരുടെ പാപങ്ങൾ പൊറുത്തു കൊടുക്കുന്നു, പശ്ചാത്തപിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവരുടെ. ഈ ഇടവേളയിൽ നബികരീം (സ) കൂടുതൽ പ്രാർത്ഥനയിൽ മുഴുകിയിരുന്നു. ഒരു ഹദീസിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. നബികരീം മുഹമ്മദ് (സ) പറഞ്ഞു. അല്ലാഹു (ത) യുടെ മുമ്പിൽ തന്റെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അദ്ദേഹം വ്രതാനുഷ്ഠാനാവസ്ഥയിരിക്കുവാൻ ആഗ്രഹിച്ചിരുന്നു.

ഇസ്‌ലാമിൽ, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും അനുഗ്രഹപ്രദമാണ്. പ്രത്യേകിച്ച് അല്ലാഹുവിന്റെ ഒരു ദൂതന്റെ ആഗമനസമയത്ത് മാത്രമല്ല, ഒരു മനുഷ്യന്റെ ജീവിതത്തിലെ ദിവസങ്ങളിൽ, ചില ദിവസങ്ങൾ, മറ്റു ദിവസങ്ങളെക്കാൾ ശ്രേഷ്ഠതരമാക്കിയിരിക്കുന്നു. ഉദാഹരണമായി ശഅ്ബാൻ 15, റമദാൻ മാസം, പ്രത്യേകിച്ച് അതിലെ അവസാനത്തെ പത്ത് ദിവസം; അതിൽത്തന്നെയുള്ള ലൈലത്തുൽഖദ്ർ അഥവാ നിർണ്ണിത രാവ് അനുഗ്രഹീതമായ ഹജ്ജിന്റെ ദിനങ്ങൾ.

ദൗർഭാഗ്യവശാൽ, മുസ്‌ലീംകൾ നിർബന്ധമായും ചെയ്യേണ്ട, ഫർസ്, സുന്നത്തു (ശഅ്ബാൻ 15 ബറാഅത്ത്) കാര്യങ്ങൾ ചെയ്യുന്നില്ല. ശഅ്ബാൻ ബറാഅത്ത് അതിന്റെ യഥാർത്ഥ നിലയിൽ ചെയ്യുന്നതിനു പകരം ബറാഅത്തിനെ തലകീഴ്മറിച്ചിരിക്കുകയാണ്. പകരം നൂതനമായ പലതും അതിൽ ചേർത്തിരിക്കു

ന്നു. മറിച്ച്, നബികരീം (സ) യുടെ ഉദ്ദേശം ആ രാത്രിയിൽ അല്ലാഹുവിന്റെ അനുകമ്പയും സാമീപ്യവും ആർജ്ജിക്കുക എന്നതുമാത്രമായിരുന്നു; അല്ലാതെ ആ ദിനം ഒരാഘോഷദിനമാക്കുക എന്നതായിരുന്നില്ല; ആ ദിനത്തെ അനിസ്ലാമികമായ അനേകം സമ്പ്രദായങ്ങളാൽ നിറച്ചിരിക്കുകയാണ്. നബികരീം (സ)യുടെ ആ നല്ല സുന്നത്തിന്റെ ആന്തരികതയെ തച്ചുടച്ചിരിക്കുകയാണ്. നല്ല ചര്യകൾ എപ്പോഴും നല്ലതു തന്നെയായിരിക്കും. പ്രത്യേകിച്ച് നമ്മുടെ യജമാനരായ മുഹമ്മദ് (സ) കാണിച്ചുതന്ന ചര്യ. ആയതിനാൽ നമ്മുടെ മുസ്ലീം സഹോദരീസഹോദരന്മാരെ ഞാൻ ഉപദേശിക്കുകയാണ്; ഇത് ഫർസ് അല്ലെങ്കിൽപോലും നിങ്ങൾ നോമ്പനുഷ്ഠിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നോമ്പനുഷ്ഠിക്കുക. അതുപോലെ രാത്രിയിൽ ഇബാദത്തിൽ കഴിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യുക. നിങ്ങൾ ഇത് ചെയ്യേണ്ടത് ആത്മാർത്ഥതയോടെയായിരിക്കണം; അല്ലാഹുവിനെ വളരെയധികം ഹൃദയത്തിൽ ഭയന്നുകൊണ്ടായിരിക്കണം. ഇൻശാ അല്ലാഹ്. അല്ലാഹു നിങ്ങളുടെ പ്രാർത്ഥനകൾ കേൾക്കുന്നവനാണ്. നിങ്ങളുടെ നല്ല ഉദ്ദേശങ്ങൾക്കനുസരിച്ച് നിങ്ങളെ വിജയികളാക്കിത്തീർക്കുന്നതാണ്.

അല്ലാഹു (ത) നിങ്ങളെ അനുഗ്രഹിക്കട്ടെ! ശാത്താന്റെ എല്ലാ പിടിത്തത്തിൽ നിന്നും അല്ലാഹു നിങ്ങളെ മോചിപ്പിക്കട്ടെ! സാത്താൻ നിശ്ചയമായും മനുഷ്യന്റെ ശത്രുവാകുന്നു. അല്ലാഹു നിങ്ങളുട വിശ്വാസത്തെ ദൃഢതരമാക്കിത്തരട്ടെ ! സത്യപാതയിൽ ഉറച്ചു നിൽക്കുവാൻ, അവസാന ശ്വാസംവരെയും, ഇഹലോകത്ത് അല്ലാഹു (ത) നിങ്ങളെ സഹായിക്കട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************